**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1872** **09-12-2022 - ൽ മറുപടിയ്ക്ക്**

**മാവേലിക്കര മണ്ഡലത്തിലെ വിവിധ കാർഷിക വിളകളുടെ ഉല്പാദനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം എസ് അരുൺ കുമാർ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | മാവേലിക്കര മണ്ഡലത്തിൽ വിവിധ കാർഷിക വിളകളുടെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; അനുവദിച്ച തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (എ) | മാവേലിക്കര മണ്ഡലത്തിലെ ചാരുമൂട് (ഭരണിക്കാവ്) ബ്ലോക്ക് പരിധിയിൽ വരുന്ന പഞ്ചായത്തുകൾ വഴി നെല്ല്, വാഴ, പച്ചക്കറി, സുഗന്ധവിളകൾ കിഴങ്ങ് വർഗ്ഗ വിളകൾ പയർ വിളകൾ, എള്ള്, ഫലവർഗ്ഗവിളകൾ, തെങ്ങ് തുടങ്ങിയ വിളകളുടെ ഉൽപ്പാദനം കൂട്ടുന്നതിനും കൃഷി പ്രോത്സാഹിപ്പിക്കുന്നതിനുമായി തുക ചെലവഴിച്ചു. നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി തരിശ് നെൽകൃഷിയ്ക്ക് 40000/- രൂപ 50 ഹെക്ടറിന് അനുവദിച്ചു. സുസ്ഥിരം നെൽകൃഷി വികസന പദ്ധതി പ്രകാരം 5500/- രൂപ 165 ഹെക്ടറിന് അനുവദിച്ചു. നെൽകൃഷിയ്ക്ക് കുമ്മായം ചേർത്ത് മണ്ണിന്റെ അമ്ലത കുറച്ച് ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് 5400/- രൂപ 100 ഹെക്ടറിന് ചെലവഴിച്ചു. തെങ്ങ് കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ടി സമഗ്ര വികസന പദ്ധതിയായ കേരഗ്രാമം 1-ാം വർഷവും 3-ാം വർഷവും നടപ്പിലാക്കി. നല്ലയിനം തെങ്ങിൻ തൈകൾ കോക്കനട്ട് കൗൺസിൽ പദ്ധതി പ്രകാരം വിതരണം ചെയ്തു.<br><br>പച്ചക്കറി വികസന പദ്ധതി പ്രകാരം പച്ചക്കറി തൈകൾ, 750 വിത്തുപായ്ക്കറ്റ് നിറച്ച ഗ്രോബാഗുകൾ, 90 പമ്പ് സെറ്റ്, 24 സ്പ്രേയറുകൾ എന്നിവ വിതരണം ചെയ്തു. കൂടാതെ അന്യംനിന്നുപോകുന്ന പച്ചക്കറി ഇനങ്ങൾ 20 ഹെക്ടർ കൃഷി ചെയ്യുന്നതിനും തരിശ് പച്ചക്കറി കൃഷി ചെയ്യുന്നതിനും ഗ്രൂപ്പടിസ്ഥാനത്തിലും അല്ലാതെയും കൃഷി ചെയ്യുന്നതിനും, പദ്ധതി അധിഷ്ഠിത പച്ചക്കറി കൃഷി ചെയ്യുന്നതിനും, മഴമറ, സ്കൂൾ പച്ചക്കറിത്തോട്ടം തുടങ്ങിയവ ചെയ്യുന്നതിനും സഹായം നൽകി.<br><br>60 ഹെക്ടർ ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് സബ്സിഡി നല്കി. കൂടാതെ കുരുമുളക്, നല്ലയിനം തൈകൾ വിതരണം ചെയ്യുകയും പരിപാലനത്തിന് |

| | | | |
|---|---|---|---|
| | | | സബ്സിഡി നല്കുകയും ചെയ്തു. ജാതികൃഷിയ്ക്കും പ്രോത്സാഹനം നല്കി. പദ്ധതി പ്രകാരം കിഴങ്ങ് വിളകളും പയർവർഗ്ഗ വിളകളും പ്രോത്സാഹിപ്പിച്ചു.<br><br>മാവേലിക്കര മണ്ഡലത്തിൽ കാർഷിക വിവിധ പദ്ധതികൾക്കായി അനുവദിച്ച തുകയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

| വർഷം 2021-22 | | |
| --- | --- | --- |
| ക്രമ നം. | പദ്ധതിയുടെ പേര് | ചെലവഴിച്ച തുക (ലക്ഷം) |
| 1 | നെൽകൃഷി വികസന പദ്ധതി | 68.27 |
| 2 | മണ്ണ് സംരക്ഷണ പദ്ധതി | 24.69888 |
| 3 | തെങ്ങ് വികസന പദ്ധതി ( കേരഗ്രാമം, കോക്കനട്ട് കൌൺസിൽ) | 94.17526 |
| 4 | വിള ആരോഗ്യ സംരക്ഷണം | 2.61231 |
| 5 | പച്ചക്കറി വികസന പദ്ധതി | 64.38460 |
| 6 | മാർക്കറ്റിംഗ് പദ്ധതി / മൂല്യ വർദ്ധിത പദ്ധതി | 14.3175 |
| 7 | ജൈവകൃഷി | 109 |
| 8 | സുഗന്ധവിള വികസന പദ്ധതി | 1.6250 |
| 9 | ഓണ സമൃദ്ധി ഓണം മാർക്കറ്റ് | 5.85 |
| 10 | കിഴങ്ങ് വർഗ്ഗങ്ങളുടെയും പയർ വർഗ്ഗങ്ങളുടെയും വികസന പദ്ധതി | 5.434 |
| 11 | എള്ള് കൃഷി വികസനം | 9.6 |
| 12 | വിള ഇൻഷ്വറൻസ് പദ്ധതി | 12.02430 |
| 13 | അന്യം നിന്നു പോകുന്ന നെൽവിത്തിനങ്ങൾ കൃഷി ചെയ്യുന്നതിനുള്ള പദ്ധതി | 2 |
| 14 | ഫലവർഗ്ഗ വിളകളുടെ കൃഷി പ്രോത്സാഹന പദ്ധതി | 3.48281 |
| 15 | കാർഷിക ആവശ്യത്തിന് സൌജന്യ വൈദ്യുതി നല്കുന്ന പദ്ധതി | 3.85916 |

| വർഷം 2022-23 | | |
|---|---|---|
| ക്രമ നം. | പദ്ധതിയുടെ പേര് | ചെലവഴിച്ച തുക (ലക്ഷം) |
| 1 | നെൽകൃഷി വികസന പദ്ധതി | 61.7046 |
| 2 | തെങ്ങ് വികസന പദ്ധതി ( കേരഗ്രാമം, കോക്കനട്ട് കൌൺസിൽ) | 51.922 |
| 3 | മണ്ണ് സംരക്ഷണ പദ്ധതി | 9.39 |
| 4 | പച്ചക്കറി വികസന പദ്ധതി | 70.45298 |
| 5 | വിള ആരോഗ്യ സംരക്ഷണ പദ്ധതി | 4.39883 |
| 6 | ജൈവകൃഷി | 5.061 |
| 7 | സുഗന്ധവിള വികസന പദ്ധതി | 7.1919 |
| 8 | മാർക്കറ്റിംഗ് വികസന പദ്ധതി | 3.044 |
| 9 | ഔഷധ സസ്യ വികസന പദ്ധതി | 1.25 |
| 10 | ഫലവർഗ്ഗ വികസന പദ്ധതി | 5.66 |
| 11 | കൃഷി പാഠശാല | 0.3 |
| 12 | സംയോജിത കൃഷി | 2 |
| | **ആകെ** | **222.37531** |

**ജനകീയാസൂത്രണ പദ്ധതി 2021-22 - ബ്ലോക്ക് പദ്ധതികൾ**

1) നെൽകൃഷി വികസന പദ്ധതി - കൂലിച്ചലവ് സബ്സിഡി പഞ്ചായത്തുകൾക്ക് വിഹിതം നല്കൽ - 24 ലക്ഷം
2) പാടശേഖരങ്ങളുടെ അടിസ്ഥാന വികസനം - 18.70 ലക്ഷം

ആകെ - 42.70 ലക്ഷം

| പഞ്ചായത്ത് പദ്ധതികൾ 2021-22 | | |
|---|---|---|
| ക്രമ നം. | പദ്ധതിയുടെ പേര് | ചെലവഴിച്ച തുക (ലക്ഷം) |
| 1 | നെൽകൃഷി വികസന പദ്ധതി | 96.73498 |

| | | |
|---|---|---|
| 2 | പച്ചക്കറികൃഷി | 21.3185 |
| 3 | വാഴകൃഷി | 12.146 |
| 4 | സുഗന്ധവിള കൃഷി | 1.2 |
| 5 | കിഴങ്ങ് വർഗ്ഗ കൃഷി | 9.9234 |
| 6 | പപ്പായ, മൺചട്ടി കൃഷി, കുറ്റകുരുമുളക് സംയോജിത കൃഷി | 35.07315 |
| 7 | തെങ്ങ് കൃഷി വികസനം | 5.323 |
| 8 | ഫലവർഗ്ഗ കൃഷി വികസനം | 3.43180 |

<u>**പഞ്ചായത്ത് പദ്ധതികൾ 2022-23**</u>

| ക്രമ നം. | പദ്ധതിയുടെ പേര് | ചെലവഴിച്ച തുക (ലക്ഷം) |
|---|---|---|
| 1 | നെൽകൃഷി വികസന പദ്ധതി | 201.91696 |
| 2 | പച്ചക്കറികൃഷി | 43.47205 |
| 3 | വാഴകൃഷി | 8.085 |
| 4 | സുഗന്ധവിള കൃഷി | 7.7 |
| 5 | കുറ്റി കുരുമുളക്, സംയോജിത കൃഷി വികസന പദ്ധതി | 9.22 +15.24.22 |
| 6 | തെങ്ങ് കൃഷി വികസനം | 18.5135 |
| 7 | എള്ള് കൃഷി വികസനം | 1.12 |
| 8 | കിഴങ്ങ് വർഗ്ഗ വിളകൾ | 12.17834 |
| 9 | വെറ്റില കൃഷി | 0.94 |
| ആകെ | | 318.14585 |